ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബ്രസീലുമായുള്ള ഉഭയകക്ഷി വ്യാപാരം അഞ്ച് വർഷത്തിൽ 20 ബില്യൺ ഡോളറായി ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും ബ്രസീലും തമ്മിൽ മൂന്ന് സുപ്രധാന കരാറുകളിൽ ഒപ്പുവച്ചു.

   **PM Modi Announces $20 Billion Trade Target with Brazil Over Next 5 Years; India and Brazil Sign Three Major Agreements.**

2. വിദേശ പര്യടനത്തിന്റെ അവസാന പാദത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നമീബിയയിൽ.

   **On Last Leg of Foreign Tour, PM Narendra Modi to Reach Namibia Today.**

3. കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്. സമ്പർക്കപ്പട്ടികയിൽ 485 പേർ.

**Kerala Strengthens Nipah Control Measures as Contact List Hits 485.**

4. വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രതിപക്ഷ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് ആരംഭിച്ചു.

**A 24-hour nationwide strike begins, called by opposition trade unions and service organizations over various demands.**

5. ഓഗസ്റ്റ് 1 മുതൽ അധിക തീരുവ അടയ്ക്കേണ്ട രാജ്യങ്ങൾക്ക് സമയപരിധി നീട്ടിനൽകില്ലെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

**US President Trump Rules Out Extension for Countries Facing Tariff Hike from August 1.**

6. ഇന്ത്യ - ഇംഗ്ലണ്ട് വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസിൽ അരിന സബലെങ്ക സെമിയിൽ.

**4th T20 International Between India and England Women Today; Sabalenka Advances to Wimbledon Semifinals.**

&&&&&&&&&&&&&&&&&&

## PM-NAMIBIA

അഞ്ച് രാഷ്ട്രങ്ങളിലെ സന്ദർശനത്തിന്റെ അവസാന പാദത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നമീബിയയിലെ വിൻഡ്ഹോക്കിൽ എത്തും. പ്രധാനമന്ത്രിയുടെ സന്ദർശന വേളയിൽ, ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം ശക്തമാക്കുന്നത് ലക്ഷ്യമിട്ട് പ്രതിനിധി തല ചർച്ചകൾ നടക്കും. നമീബിയ പാർലമെന്റിനെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. നമീബിയയുടെ പരമോന്നത സിവിലിയൻ അവാർഡ് ശ്രീ മോദിക്ക് സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## PM BRAZIL ( INTRO )

ബ്രസീലുമായുള്ള ഉഭയകക്ഷി വ്യാപാരം അടുത്ത അഞ്ച് വർഷത്തിൽ 20 ബില്യൺ ഡോളറായി ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ ഡിജിറ്റൽ പണമിടപാട് സംവിധാനത്തിന്റെ മാതൃകയിൽ ഏകീകൃത പണമിടപാട് സംവിധാനം സാധ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ ബ്രസീൽ താല്പര്യം അറിയിച്ചതായും അദ്ദേഹം പറഞ്ഞു. കൃഷി, ഭക്ഷ്യ സംസ്കരണം, ബഹിരാകാശ സാങ്കേതികവിദ്യ എന്നിവയുൾപ്പെടെ ബ്രസീൽ പ്രസിഡന്റുമായി പ്രധാനമന്ത്രി ചർച്ച ചെയ്തു. ഭീകര പ്രവർത്തനങ്ങളെയും ഭീകരവാദത്തെ പിന്തുണയ്ക്കുന്നവരെയും ശക്തമായി എതിർക്കുമെന്ന് ശ്രീ മോദി സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി. എല്ലാ

തർക്കങ്ങളും സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയും പരിഹരിക്കണമെന്നതാണ് ഇന്ത്യയുടെ നയമെന്നും പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്....)

ബ്രസീലിലെ പരമോന്നത സിവിലിയൻ ബഹുമതിയായ ഗ്രാൻഡ് കോളർ ഓഫ് ദി നാഷണൽ ഓർഡർ ഓഫ് ദി സതേൺ ക്രോസ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ബ്രസീൽ പ്രസിഡന്റ് സമ്മാനിച്ചു. ഇന്ത്യയിൽ നിന്നുള്ള വ്യവസായികൾക്കും വിനോദസഞ്ചാരികൾക്കും വീസ ഇളവ് നൽകുന്നതിനെക്കുറിച്ചും ഇരുനേതാക്കളും ചർച്ചകൾ ചെയ്തു.

&&&&&&&&&&&&&&&&&&

## MEA BRIEFING BRAZIL

ഇന്ത്യയും ബ്രസീലും തമ്മിൽ മൂന്ന് പ്രധാന കരാറുകളിൽ ഒപ്പുവച്ചതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി പി കുമരൻ. ഭീകരത, രാജ്യാന്തര കുറ്റകൃത്യങ്ങൾ തുടങ്ങിയവയിലെ രഹസ്യാന്വേഷണ വിവരങ്ങൾ കൈമാറൽ, ജൈവ ഇന്ധനം, പുനരുപയോഗ ഊർജ്ജം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും സഹകരണം ശക്തമാക്കും. കാർഷിക മേഖലയുടെ പ്രാധാന്യവും സാമ്പത്തിക മേഖലയ്ക്ക് കൃഷി നൽകുന്ന സംഭാവനകളും സംബന്ധിച്ചും പ്രധാനമന്ത്രി ബ്രസീൽ പ്രസിഡന്റുമായി ചർച്ച നടത്തിയതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി അറിയിച്ചു.

&&&&&&&&&&&&&&&&&&

## CDS-PAK CHINA

ചൈന, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ പൊതു താൽപ്പര്യങ്ങൾ ഇന്ത്യയുടെ സ്ഥിരതയ്ക്കും സുരക്ഷയ്ക്കും പ്രത്യാഘാതങ്ങൾക്ക് സൃഷ്ടിച്ചേക്കാമെന്ന് സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി ബാഹ്യശക്തികൾക്ക് അവരുടെ സ്വാധീനം ഉപയോഗപ്പെടുത്താൻ അവസരം നൽകിയതായി അദ്ദേഹം പറഞ്ഞു. ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## NATIONAL STRIKE

വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രതിപക്ഷ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് ആരംഭിച്ചു. ലേബർ കോഡുകൾ പിൻവലിക്കുക, വിലക്കയറ്റം തടയുക, പൊതുമേഖലാ ഓഹരി വിൽപ്പന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. അതേസമയം, പണിമുടക്ക് രാഷ്ട്രീയ പ്രേരിതമാണെന്ന നിലപാട് ഉയർത്തി, ബിഎംഎസ് അനുകൂല തൊഴിലാളി സംഘടനകൾ പണിമുടക്കിൽ നിന്ന് വിട്ടു

നിൽക്കുകയാണ്. പണിമുടക്കിന്റെ പശ്ചാത്തലത്തിൽ കേരള, എം.ജി, കാലിക്കറ്റ് സർവ്വകലാശാലകൾ ഇന്ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റി വച്ചു.

&&&&&&&&&&&&&&&&&&

## STATE GOVT + KSRTC

ദേശീയ പണിമുടക്കിൻറെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഡയസ്നോൺ പ്രഖ്യാപിച്ചു. ജോലിക്ക് എത്താത്തവരുടെ ഒരു ദിവസത്തെ ശമ്പളം റദ്ദാക്കുമെന്നും ക്രമസമാധാന പ്രശ്നം ഉണ്ടായാൽ പോലീസിനെ അറിയിക്കാനും KSRTC എംഡി ഇന്നലെ പുറത്തിറക്കിയ ഉത്തരവിലും വ്യക്തമാക്കി. കെ.എസ്.ഇ.ബിയും ഡയസ്നോൺ പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## KERALA-NIPAH

കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്. നിലവിൽ 485 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്. മലപ്പുറം ജില്ലയിൽ 192 പേരും കോഴിക്കോട് 114 പേരും പാലക്കാട് 176 പേരും എറണാകുളത്ത് 2 പേരും, കണ്ണൂരിൽ ഒരാളുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. അതേസമയം, നിപ സ്ഥിരീകരിച്ച രോഗി കോഴിക്കോട് ഐസിയുവിൽ ചികിത്സയിലാണ്.

&&&&&&&&&&&&&&&&&&

## KONNI ACCIDENT

പത്തനംതിട്ട കോന്നിയിൽ ചെങ്ങളം പാറമട അപകടത്തിൽ മരിച്ച ബീഹാർ സ്വദേശി അജയ്കുമാർ റായിയുടെ മൃതദേഹം പോസ്റ്റുമോർട്ട നടപടികൾക്ക് ശേഷം ഇന്ന് ബന്ധുക്കൾക്ക് വിട്ടുനൽകും. ഇന്നലെ രാത്രിയാണ് മൃതദേഹം കണ്ടെത്തിയത്. കുടുംബത്തിന് കൃത്യമായ നഷ്ടപരിഹാരം ഉറപ്പാക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. അപകടത്തിൽ മരിച്ച ഒറീസ സ്വദേശി മഹാദേവ് പ്രധാന്റെ മൃതദേഹം തിങ്കളാഴ്ച തന്നെ കണ്ടെത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## TRUMP-TARIFFS

ഓഗസ്റ്റ് 1 മുതൽ അധിക തീരുവ അടയ്ക്കേണ്ട രാജ്യങ്ങൾക്ക് സമയപരിധി നീട്ടിനൽകില്ലെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ട്രൂത്ത് സോഷ്യൽ പോസ്റ്റിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇന്നലെ, ജപ്പാനിൽ നിന്നും ദക്ഷിണ കൊറിയയിൽനിന്നും ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് 25 ശതമാനം നികുതിയും മറ്റ് ഒരു ഡസൻ രാജ്യങ്ങൾക്ക് പുതിയ തീരുവ നിരക്കുകളും ട്രംപ് പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## REV. EC-SIR BIHAR

ബിഹാറിൽ വോട്ടർ പട്ടിക പരിഷ്ക്കരണം സുഗമമായി പുരോഗമിക്കുന്നതായും ഈ മാസം 25ന് മുമ്പ് അപേക്ഷ സ്വീകരിക്കുന്നത് പൂർത്തിയാക്കുമെന്നും തിരഞ്ഞെടുപ്പ് കമ്മിഷൻ. 14 ദിവസത്തിനുള്ളിൽ 47 ശതമാനത്തോളം അപേക്ഷകൾ സ്വീകരിച്ചു കഴിഞ്ഞതായും കമ്മീഷൻ വ്യക്തമാക്കി. അനർഹരെ വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിൻറെ ഭാഗമായി ബിഹാറിൽ ജൂൺ 24-നാണ് വോട്ടർപട്ടിക പരിഷ്കരിക്കൽ പ്രക്രിയ പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&&&

**LUCKNOW-PRADHAN (INTRO)**

കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിൽ നിർമ്മിത ബുദ്ധിയ്ക്ക് നിർണായക സംഭാവന നൽകാൻ സാധിക്കുമെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. മീററ്റിൽ സർദാർ വല്ലഭ് ഭായ് പട്ടേൽ കാർഷിക സർവകലാശാലയിൽ കാർഷിക സാങ്കേതിക വിദ്യ നൂതന കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്.....)

&&&&&&&&&&&&&&&&&&

**WOMENS T20 INTERNATIONAL**

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ നടക്കും. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2–1ന്

മുന്നിലാണ്. പരമ്പരയിലെ അവസാന മത്സരം ഈ മാസം 12 ന് ബിർമിങ്ഹാമിൽ നടക്കും. അതേസമയം, ഇന്ത്യ- ഇംഗ്ലണ്ട് പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് നാളെ വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും.

&&&&&&&&&&&&&&&&&&

**WIMBLEDON 2025**

ടെന്നീസിൽ, ലോക ഒന്നാംനമ്പർ താരം അരിന സബലെങ്ക ജർമ്മനിയുടെ ലോറ സീഗ്മൂണ്ടിന്റെ ശക്തമായ വെല്ലുവിളിയെ മറികടന്ന് വിംബിൾഡൺ വനിതാ സിംഗിൾസ് സെമിഫൈനലിൽ സ്ഥാനം ഉറപ്പിച്ചു. ആദ്യ സെറ്റ് തോറ്റതിനു ശേഷം, തിരിച്ചടിച്ച സബലെങ്ക മൂന്ന് മണിക്കൂർ നീണ്ട ആവേശകരമായ ക്വാർട്ടർ ഫൈനലിൽ വിജയം സ്വന്തമാക്കി. നാളെ സെമിഫൈനലിൽ സബലെങ്ക അമേരിക്കൻ താരം അമാൻഡ അനിസിമോവയെ നേരിടും. റഷ്യൻ താരത്തെ പരാജയപ്പെടുത്തിയാണ് അനിസിമോവ സെമിയിൽ എത്തിയത്.

&&&&&&&&&&&&&&&&&&

**RAIN KERALA**

കേരളത്തിൽ ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ

കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## IMD-WEATHER

ഛത്തീസ്ഗഢ്, കൊങ്കൺ, ഗോവ, മധ്യപ്രദേശ്, വിദർഭ എന്നിവിടങ്ങളിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഗുജറാത്ത്, തുടങ്ങിയ ഇടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. തീരദേശ ആന്ധ്രാപ്രദേശ്, കർണാടക, മാഹി, കൊങ്കൺ, ലക്ഷദ്വീപ്, തമിഴ്നാട് എന്നിവിടങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു

&&&&&&&&&&&&&&&&&&

## NEPAL-FLOOD

നേപ്പാളിലെ ലെൻഡെ നദിയിലുണ്ടായ വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ട 55 പേരെ ഇന്നലെ വൈകിട്ടോടെ സൈനിക ഹെലികോപ്റ്ററിൽ രക്ഷപ്പെടുത്തി. തിമുരെ ഏരിയ പൊലീസ് ഓഫീസിൽ ഡ്യൂട്ടിയിലായിരുന്ന മൂന്ന് ഉദ്യോഗസ്ഥർ ഉൾപ്പെടെ പതിനെട്ട് പേരെ ഇനിയും കണ്ടെത്താനുണ്ട്. കാണാതായവരിൽ ആറ് ചൈനീസ് പൗരന്മാരും ഉൾപ്പെടുന്നു. നേപ്പാളിനെയും ചൈനയെയും ബന്ധിപ്പിക്കുന്ന മിതേരെ പാലം വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയി.

&&&&&&&&&&&&&&&&&&

## JK- AMARNATH YATR

തീർത്ഥാടനത്തിന്റെ ആദ്യ ആറ് ദിവസങ്ങളിൽ ഒരു ലക്ഷത്തി പതിനൊന്നായിരത്തിലധികം പേർ അമർനാഥ് ഗുഹയിൽ ദർശനം നടത്തി. പഹൽഗാം, ബാൽതാൽ റൂട്ടുകളിൽ യാത്ര സുഗമമായി തുടരുകയാണെന്ന് ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ പറഞ്ഞു. അതേസമയം, ജമ്മുവിൽനിന്നുള്ള എട്ടാമത്തെ ബാച്ചായി 7579 തീർത്ഥാടകരുടെ സംഘം ഇന്ന് പുലർച്ചെ ഭഗവതി നഗർ യാത്രി നിവാസ് ബേസ് ക്യാമ്പിൽനിന്ന് പുറപ്പെട്ടു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&